ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ
രാജ് ഭവന് എതിർ വശം, വെള്ളയമ്പലം,
കവടിയാർ പി.ഒ, തിരുവനന്തപുരം - 695003
ഫോൺ: 0471 -2315397
ഇ മെയിൽ: info@dtpcthiruvananthapuram.com
വെബ്സൈറ്റ്: www.dtpcthiruvananthapuram.com

OFFICE OF THE DISTRICT TOURISM PROMOTION COUNCIL TVPM. Pin-695 003

**No:DTPC/S-153/2016** **23.01.2017**

**ക്വട്ടേഷൻ നോട്ടീസ്**

ശംഖുംമുഖം വിനോദസഞ്ചാര കേന്ദ്രത്തിൽ ഗ്രീൻപ്രോട്ടോക്കോളിൽ അധിഷ്ടിതമായ മാലിന്യ നിർമ്മാർജ്ജന സംവിധാനം ഒരുക്കുന്നതിന് യോഗ്യരായ ഏജൻസികളിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കുന്നു.

**പ്രവൃത്തികളുടെ വിശദാംശങ്ങൾ**

1. നൂറോളം വരുന്ന തട്ടുകടക്കാരിൽ നിന്നും നിത്യേന പ്ലാസ്റ്റിക്, പേപ്പർ, ഭക്ഷണമാലിന്യങ്ങൾ വെവ്വേറെ രാത്രികച്ചവടത്തിനുശേഷം ശേഖരിക്കുക.
2. സന്ദർശകർക്ക് മാലിന്യങ്ങൾ വെവ്വേറെ നിക്ഷേപിക്കുവാനായി സ്ഥാപിച്ചിട്ടുള്ള ബിന്നുകളിൽ നിന്നും അവ രാത്രി കച്ചവടത്തിന് ശേ,ഷം ശേഖരിക്കുക.
3. ശേഖരിക്കുന്ന മാലിന്യങ്ങൾ ശാസ്ത്രീയമായ സംവിധാനത്തിലൂടെ നടത്തപ്പെടുന്ന പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ, ബയോ മാലിന്യങ്ങൾ വളമാക്കി മാറ്റുന്ന അംഗീകൃതഫാമുകൾ എന്നിവിടങ്ങളിലേയ്ക്ക് ക്രമമായ ഇടവേളകളിൽ മാറ്റുക.
4. തട്ടുകച്ചവടക്കാരെയും സന്ദർശകരേയും ഗ്രീൻപ്രോട്ടാക്കോൾ സംവിധാനത്തിലേയ്ക്ക് കൊണ്ടു വരുന്നതിനുള്ള നിരന്തരമായ ബോധവൽക്കരണം നൽകുക.
5. നിലവിലെ കുടുംബശ്രീ ക്ലീനിംഗ് സംവിധാനം നിത്യേന മോണിറ്റർ ചെയ്യുക.

**വ്യവസ്ഥകളും നിബന്ധനകളും**

1. സർക്കാരിന്റെ ഏതെങ്കിലും വിധത്തിലുള്ള രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള ഏജൻസികൾക്ക് മാത്രമേ ക്വട്ടേഷൻ നൽകാനുള്ള അവകാശം ഉണ്ടായിരിക്കുകയുള്ളു.

2. മാലിന്യ നിർമ്മാർജ്ജനത്തിൽ ഏതെങ്കിലും തരത്തിലുള്ള മുൻപരിചയമുള്ള ഏജൻസികൾക്ക് മുൻഗണനന ലഭിക്കുന്നതാണ്.

3. ഏജൻസികൾക്ക് ബയോ മാലിന്യങ്ങൾ വളമാക്കി മാറ്റുന്ന അംഗീകൃത യൂണിറ്റുകൾ, ഫാമുകൾ,അംഗീകൃത പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ എന്നിവയുമായി ടൈ അപ്പ് ഉണ്ടായിരിക്കണം.

4. മേൽ പ്രവൃത്തിയ്ക്ക് പ്രതിമാസം ലഭിക്കേണ്ട മൊത്തം തുകയാവണം ക്വാട്ട് ചെയ്യേണ്ടത്.

5. ഡി.റ്റി.പി.സി.യുമായി ഏറ്റവും കുറഞ്ഞതുക ക്വോട്ട് ചെയ്യുന്ന ഏജൻസി കരാറിൽ ഏർപ്പെടേണ്ടതാണ്.

6. കരാർ കാലാവധി ഒരു വർഷത്തേയ്ക്കായിരിക്കും.

7. മാലിന്യം ശേഖരിക്കുന്നതിന് ആവശ്യമായ ബിന്നുകൾ ഏജൻസി സ്വന്തം ചെലവിൽ സ്ഥാപിക്കേണ്ടതും പരിപാലിക്കേണ്ടതുമാണ്.

8. നിത്യേനയുള്ള മാലിന്യ ശേഖരണം, ക്രമമായ ഇടവേളകളിലെ നീക്കം ചെയ്യൽ എന്നിവയ്ക്ക് ഭംഗം വരുത്തുന്ന പക്ഷം ബഹുമാനപ്പെട്ട ജില്ലാ കളക്ടർ നിശ്ചയിക്കുന്ന പിഴ കിഴിച്ചുള്ള തുകയാവും ആ മാസം ഏജൻസിയ്ക്ക് നൽകുക.

9. ക്വോട്ട് ചെയ്യപ്പെട്ട തുക രണ്ട് മാസത്തേയ്ക്കുള്ളത് സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി ഡി.റ്റി.പി.സി.യ്ക്ക് നൽകേണ്ടതാണ്.

10. തൃപ്തികരമായി കരാർ വ്യവസ്ഥകൾ പാലിക്കുന്ന പക്ഷം പ്രസ്തുത തുക കരാർ കാലാവധി കഴിഞ്ഞ് ഒരുമാസത്തിനുള്ളിൽ തിരികെ നൽകുന്നതാണ്.

11. ഏജൻസിയുടെ പ്രകടനം ഡി.റ്റി.പി.സി.യ്ക്ക് തൃപ്തിയാകുന്നപക്ഷം 10 ശതമാനം വർദ്ധനവോടെ കരാർ ഒരുവർഷത്തേയ്ക്ക് കൂടി പുതുക്കി നൽകുന്നതാണ്.

12. ഫലപ്രദമായ പുതിയ മാലിന്യ നിർമ്മാർജ്ജന സംവിധാനം ഡി.റ്റി.പി.സി പ്രസ്തുത കേന്ദ്രത്തിൽ കൊണ്ടുവരുന്നപക്ഷം കരാർ ഒരുമാസത്തെ നോട്ടീസോടെ റദ്ദു ചെയ്യുന്നതിനും പുതിയ കരാറിൽ ഏർപ്പെടുന്നതിനും ഡി.റ്റി.പിസി യ്ക്ക് അവകാശം ഉണ്ടായിരിക്കും.

13. മുകളിൽ പറഞ്ഞ നിബന്ധനകൾ പാലിച്ചുള്ള സീൽ ചെയ്ത ക്വട്ടേഷനുകൾ 2017 ഫെബ്രുവരി 23-ാം തീയതി ഉച്ചയ്ക്ക് 3 മണി വരെ തിരുവനന്തപുരം ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ വെള്ളയമ്പലത്തുള്ള ആഫീസിൽ സ്വീകരിയ്ക്കു-ന്നതും അന്നേദിവസം 4 മണിയ്ക്ക് ക്വട്ടേഷനുകൾ തുറക്കുന്നതുമാണ്. ഏതെങ്കിലും അവിചാരിത സാഹചര്യത്തിൽ ക്വട്ടേഷനുകൾ തുറക്കുവാൻ കഴിഞ്ഞില്ലായെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസം ക്വട്ടേഷനുകൾ തുറക്കുന്നതാണ്. ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തുന്ന ക്വട്ടേഷനുകൾ മേൽപ്പറഞ്ഞ വ്യവസ്ഥകൾ പാലിയ്ക്കുന്ന പക്ഷം അംഗീകരിക്കുന്നതാണ്.

Sd/-

ജില്ലാ കളക്ടർ & ചെയർമാൻ
ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ,
തിരുവനന്തപുരം

OFFICE OF THE DISTRICT TOURISM PROMOTION COUNCIL
TVPM.
Pin-695 003

അംഗീകാരത്തോടെ,

സെക്രട്ടറി